## (2) കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ സേവന-വേതന വ്യവസ്ഥകൾ

[10.00 am]

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കഞ്ഞിക്കുഴിയിൽനിന്നും വരികയായിരുന്ന ഒരു വാഹനം കുതിരക്കുളത്തുവച്ച് മറിഞ്ഞ് രണ്ടുപേർ മരണപ്പെടുകയും കുറെ ആളുകൾ പരിക്കേറ്റ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിൽ കഴിയുകയുമാണ്. ഈ ദുഃഖകരമായ സാഹചര്യത്തിലാണ് റോഡപകടവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഈ സബ്മിഷൻ എനിക്ക് അവതരിപ്പിക്കേണ്ടി വന്നത്. അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സഹായം നൽകുന്നതിനും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവർക്ക് ചികിൽസാസഹായം നൽകാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടേയും ആരോഗ്യവകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരെ ബാധിക്കുന്ന പ്രധാനപ്പെട്ട ചില പ്രശ്നങ്ങളാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഇപ്പോൾ റോഡപകടങ്ങൾ ഉണ്ടായാൽ യാതൊരു പരിഗണനയും കൂടാതെ കെ.എസ്.ആർ.ടി.സി. യിലെ ഡ്രൈവർമാരെ പ്രതികളാക്കി മാറ്റുന്ന സ്ഥിതിയാണ് നിലവിലുള്ളത്. അതുപോലെ ഫുഡ്ബോർഡിൽ നിൽക്കുന്ന ജീവനക്കാർ അപകടപ്പെടുന്ന സാഹചര്യവുമുണ്ടാകാറുണ്ട്. അങ്ങനെയുണ്ടാകുന്ന അപകടവും ഡ്രൈവർമാരും തമ്മിൽ യാതൊരു ബന്ധവുമില്ല. അങ്ങനെ ഫുഡ്ബോർഡിൽ നിന്നാലുണ്ടാകുന്ന അപകടങ്ങൾക്കും കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരെ പ്രതികളാക്കുന്ന സാഹചര്യം നിലനിൽക്കുന്നു. പല കേസ്സുകളിലും സമൻസ് നടപ്പാക്കാതെ മനഃപൂർവ്വം വാറണ്ടാക്കുന്നുണ്ട്. സമൻസ് നടപ്പാക്കുമ്പോൾ യൂണിറ്റ് ഓഫീസർമാരെക്കൂടി ചുമതലപ്പെടുത്തി അത്തരം സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം ലഭിച്ച ജീവനക്കാർക്കും ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും മറ്റ് ഗവൺമെന്റ് വകുപ്പുകളിൽ കിട്ടുന്ന പരിരക്ഷയും പരിഗണനയും ആനുകൂല്യങ്ങളും കൊടുക്കുന്നില്ല. അതിനുള്ള സംവിധാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 'എംപാനൽഡ്' എന്ന ഒരു വിഭാഗം ജീവനക്കാർ കെ.എസ്.ആർ.ടി.സി.യിൽ ജോലി ചെയ്യുന്നുണ്ട്. 70 രൂപ മാത്രമാണ് ഒരു ദിവസം ജോലി ചെയ്താൽ അവർക്ക് കിട്ടുന്നത്. ഗവൺമെന്റിന്റെ എല്ലാ വിഭാഗം ഡിപ്പാർട്ടുമെന്റുകളിലും ജോലി ചെയ്യുന്ന സാധാരണക്കാരായിട്ടുള്ള ജീവനക്കാർക്ക് 140 രൂപ ഉറപ്പുവരുത്തുന്ന ഒരു സ്ഥിതിയുണ്ടായിട്ടുണ്ട്. അതുകൂടി പരിഗണിച്ച് ഇവരുടെ വേതനം വർദ്ധിപ്പിക്കാനുള്ള സമീപനമുണ്ടാകണം. അതുപോലെ ജോലിക്ക് ഹാജരാകുന്ന ജീവനക്കാർക്ക് സർവ്വീസ് നടത്തുന്നതിന് ബസ്സ് ഇല്ല എന്നതിന്റെ പേരിൽ വേതനം നിഷേധിക്കുന്ന സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. സ്ഥിരം ഡ്രൈവർമാരുടേയും എംപാനൽ ഡ്രൈവർമാരുടെ സ്ഥിതി അതാണ്. വീട്ടിൽനിന്ന് ജോലിക്ക് ഹാജരാകുന്ന ഒരു ജീവനക്കാരന് സർവ്വീസ് നടത്തുന്നതിന് ബസ്സില്ലെന്നുള്ളതിന്റെ പേരിൽ കൂലി ലഭിക്കാത്ത സാഹചര്യം പ്രാകൃതമാണ്, അശാസ്ത്രീയമാണ്, അപരിഷ്കൃതമാണ്. ജോലിക്ക് ഹാജരാകുന്ന ഒരു ജീവനക്കാരന് തീർച്ചയായും വേതനം ലഭിക്കുന്ന സ്ഥിതി കെ.എസ്.ആർ.ടി.സി. ഉറപ്പുവരുത്തണം. അതുപോലെ ഡ്യൂട്ടി നിർണ്ണയിക്കുന്നതിൽ യാതൊരു ശാസ്ത്രീയ പരിഗണനയുമില്ല; ഡ്രൈവർമാരുമായിട്ടോ മറ്റു ജീവനക്കാരുമായിട്ടോ ഒന്നും ആലോചി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല. ചില സ്ഥലങ്ങളിൽ ഒരു നിശ്ചിത ദൂരം ജോലി ചെയ്യുന്നതിന് തീരുമാനിക്കപ്പെടുന്ന കൂലി അല്ല മറ്റ് ചില സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ആ തരത്തിൽ അശാസ്ത്രീയമായ, അപരിഷ്കൃതമായ സ്ഥിതിയാണ് കെ.എസ്.ആർ.ടി.സി.യിൽ നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ഏത് മേഖലയിലെ ജീവനക്കാരായാലും അവർക്ക് സമാധാനപരമായി ജോലി ചെയ്യാനുള്ള അന്തരീക്ഷമൊരുക്കിക്കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ പൊതുവിലുള്ള നയം. ഇത് കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചിടത്തോളവും പ്രാവർത്തികമാക്കിയിട്ടുണ്ട്. ഡ്രൈവർമാർ കെ.എസ്.ആർ.ടി.സി.യിലെ പ്രധാനപ്പെട്ട വിഭാഗമാണ്. കെ.എസ്.ആർ.ടി.യിലെ അംഗീകൃത തൊഴിലാളി സംഘടനകൾ കാലാകാലങ്ങളിൽ ഉണ്ടാക്കുന്ന കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ ആനുകൂല്യങ്ങൾക്കും ഇവർക്കും അർഹതയുണ്ട്. ഇത് അവർക്ക് സമയാസമയങ്ങളിൽ കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ചില നയങ്ങൾ ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. ഇപ്പോൾ ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങളെത്തുടർന്ന് ഡ്രൈവറെ ജാമ്യത്തിലെടുക്കുന്നതിന് നിയോഗിക്കപ്പെടുന്ന ജീവനക്കാരന് ആ ദിവസങ്ങളിൽ ഹാജർ നൽകുന്നുണ്ട്. ബസ്സുകളുടെ മുൻഭാഗത്തെ ടയറുകൾക്ക് ഉണ്ടാകുന്ന ഡാമേജിന് ഡ്രൈവർമാരിൽനിന്ന് തുക ഈടാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. വാഹനാപകടത്തെത്തുടർന്ന് കുറ്റക്കാരനായ ഡ്രൈവർമാരിൽനിന്നും മെറ്റീരിയൽ കോസ്റ്റ് മാത്രം ഈടാക്കിയാൽ മതിയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാഹനാപകട നഷ്ടപരിഹാര കോടതി പുറപ്പെടുവിക്കുന്ന വിധി തുകയുടെ 1/3 ഭാഗം ഡ്രൈവർ നൽകണമെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വ്യവസ്ഥ ചെയ്തിരുന്നു. ഈ തുക ഡ്രൈവർമാരുടെ ഗ്രാറ്റ്യുവിറ്റി തുകയിൽനിന്നും ഈടാക്കിയിരുന്നു. ഈയിടെ ഗതാഗത വകുപ്പു മന്ത്രിയെന്നുള്ള നിലയിൽ ഞാൻ വിളിച്ചുചേർത്ത യോഗത്തിൽ വിധിത്തുക മേലിൽ ഡ്രൈവർമാരിൽനിന്നും പിടിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ഇതിന് 17.6.99 മുതൽ പ്രാബല്യമുണ്ടായിരിക്കും. ഇതുൾപ്പെടെയുള്ള കേസ്സുകൾ പ്രത്യേകമായി ഓരോന്നായി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. അപകടങ്ങളിൽപെട്ട് ഗുരുതരമായ പരിക്കുപറ്റി ഡ്യൂട്ടി ചെയ്യുന്നതിനുള്ള കഴിവ് നഷ്ടപ്പെടുന്നവർക്ക് ലോവർ കാറ്റഗറിയിലേക്ക് മാറ്റം നൽകുന്നതിന് തീരുമാനമായി. കഴിഞ്ഞ ഗവൺമെന്റിന്റെകാലത്ത് നിറുത്തിവച്ചിരുന്ന പ്രൊമോഷനുകൾ ഈ വിഭാഗത്തിനും ഇപ്പോൾ നൽകുന്നുണ്ട്. അപകടങ്ങൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി സർവ്വീസുകളുടെ റണ്ണിംഗ് സമയം കൂട്ടിയിട്ടുണ്ട്. സൂപ്പർഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള സർവ്വീസുകളെല്ലാം ഇൻഷ്വർ ചെയ്തുകഴിഞ്ഞു. രണ്ടാം ഘട്ടമെന്നുള്ളനിലയിൽ എല്ലാ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും ഇൻഷ്വർ ചെയ്യുന്നതിന് തീരുമാനമായിട്ടുണ്ട്. ഇത് ഓപ്പറേറ്റിംഗ് വിഭാഗത്തിന് വളരെ അനുഗ്രഹമാണ്. 140 രൂപ ദിവസേന കൂലി നിശ്ചയിച്ചത് കെ.എസ്.ആർ.ടി.സി.യിലെ എല്ലാ താൽക്കാലിക ജീവനക്കാർക്കും കാഷ്വൽ ജീവനക്കാർക്കും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആ ഉത്തരവ് അതേപടി കെ.എസ്.ആർ.ടി.സി. നടപ്പിലാക്കാനും തീരുമാനമായി.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒരു പോയിന്റ് ഓർഡർ. ഈ നിയമസഭയിൽ വളരെ തെറ്റായ കാര്യങ്ങൾ പറയുക, അതിനെപ്പറ്റി പിന്നീട്

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും സംസാരിക്കാൻ അവസരവുമില്ല. തെറ്റായ വിവരങ്ങൾ പറയുമ്പോൾ അതിനെപ്പറ്റി എപ്പോഴാണ് സംസാരിക്കുന്നത്? അതായത് അപകടമുണ്ടാകുന്ന അവസരത്തിൽ എം.എ.ക്ലെയിമിന്റെ 1/3 തുക ഡ്രൈവർമാരിൽ നിന്ന് ഈടാക്കണമെന്ന് കേരളാ ഹൈക്കോടതിയുടെ വിധിയുണ്ട്. ഗവൺമെന്റ് അപ്പീൽ കൊടുത്തു, യൂണിയൻ അപ്പീൽ കൊടുത്തു. സുപ്രീംകോടതി ഹൈക്കോടതിയുടെ തീരുമാനം ശരിവച്ചു. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് തിരുത്താൻ അവകാശമില്ല. ഇത് ഞാൻ പരിശോധിച്ചിട്ടുള്ളതാണ്.

മി. സ്പീക്കർ : തെറ്റായ വിവരങ്ങൾ സഭയ്ക്ക് നൽകിയാൽ അതിന് പ്രതിവിധിയുണ്ടെന്ന് അങ്ങേക്കറിയാമല്ലോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒരു പ്രതിവിധിയുമില്ല. എന്താണ് പ്രീവിലേജോ?

മി. സ്പീക്കർ : അതിന് പ്രതിവിധിയുണ്ട്. തെറ്റായ വിവരങ്ങൾ സഭയ്ക്ക് നൽകിയാൽ അത് വളരെ സീരിയസ്സായിട്ടുള്ള കാര്യമാണ്.

## (3) തകഴിയിൽ ഒരു അന്തർദേശീയ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, മൺമറഞ്ഞ മഹാൻമാരുടെ സ്മാരകങ്ങൾ പലതും സർക്കാരിന്റെ ചുമതലയിൽ ഈ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. അടുത്തകാലത്ത് നമ്മെ വിട്ടുപിരിഞ്ഞ മഹാനായ, മലയാള വിശ്വകഥാകാരനായ തകഴി ശിവശങ്കരപിള്ളയ്ക്ക് ഉചിതമായ ഒരു സ്മാരകം അദ്ദേഹത്തിന്റെ ജൻമനാടായ തകഴിയിൽ സ്ഥാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കുട്ടനാടിനെ ഇതിഹാസ ഭൂമിയാക്കി മാറ്റി, മലയാളത്തെ വിശ്വസാഹിത്യവേദിയിലേക്കുയർത്തിയ തകഴിയുടെ സ്മാരകം ഒരു അന്തർദേശീയ സാംസ്കാരിക കേന്ദ്രമായിരിക്കണം. അന്തർദേശീയ പ്രാധാന്യമുള്ള കേന്ദ്രം, ലോകശ്രദ്ധ ആകർഷിക്കുന്നതിനാവശ്യമായ സംവിധാനങ്ങളോടുകൂടി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, മലയാളത്തിന്റെ വിശ്വസാഹിത്യകാരനായിരുന്ന തകഴി ശിവശങ്കരപ്പിള്ളയുടെ സ്മരണ നിലനിർത്തുന്നതിനാവശ്യമായ എല്ലാ നടപടികൾക്കും സർക്കാർ സന്നദ്ധമാണ്. ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. തകഴിയിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്ത്, അദ്ദേഹത്തിന്റെ വീട് വിട്ടുതരാമെന്ന് അദ്ദേഹത്തിന്റെ ബന്ധുക്കൾ ഗവൺമെന്റിന് എഴുതിത്തന്നിട്ടുണ്ട്. അവിടെ ഉചിതമായ ഒരു സ്മാരകം, നിർമ്മിക്കുന്നതാണ്. അത് വിശ്വോത്തരമാകണമോ വേണ്ടയോ എന്നുള്ളത് വരുന്ന ആളുകൾ തീരുമാനിക്കേണ്ട കാര്യമാണ്- അത് വിശ്വോത്തരമായിത്തീരുമെന്നുതന്നെയാണ് ഗവൺമെന്റിന്റെ വിശ്വാസം. തകഴിയുടെ കുടുംബാംഗങ്ങളിൽനിന്നും, തകഴിയെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ജനങ്ങളിൽ നിന്നും, ആവേശകരമായ പ്രതികരണമാണ് മേൽ നടപടിയുടെ കാര്യത്തിലുണ്ടായത്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലും സർക്കാരിന്റെ പുതിയ സാംസ്കാരിക നയത്തിന്റെ ഭാഗമായും യശഃശരീരനായ മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ തകഴിയുടെ വീടും വീട് ഉൾപ്പെടുന്ന 35 സെന്റ് സ്ഥലവും ഏറ്റെടുത്ത് ഭാവി തലമുറയ്ക്ക് ഓർമ്മിക്കാൻ പറ്റുന്ന വിധ

LIBRARY ARCHIVES Kerala Legislative Assembly